GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/10/2026

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "ക്ലൗൺ കൃഷി" എന്ന വിഷയത്തിൽ ഒക്ടോബർ 30 -ന് ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 500/- രൂപ.. താൽപര്യമുള്ളവർക്ക് **9400483754** എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ **'തേനീച്ചവളർത്തൽ'** എന്ന വിഷയത്തിൽ നവംബർ **07 ന്** പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് ₹550/- രൂപ. പങ്കെടുക്കാനാഗ്രഹിക്കുന്നവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 5 മണി വരെ 8547070773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളം മുഖാന്തിരം Mission for Integrated Development of Horticulture (MIDH) പദ്ധതിയിൽ ഉൾപ്പെടുത്തി ഹോർട്ടികൾച്ചർ മേഖലയിലെ ഉൽപ്പന്നങ്ങളുടെ സംയോജിത വിളവെടുപ്പാനന്തര പരിപാലനത്തിനായി കളക്ഷൻ അഗ്രിഗേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നു. കൺവെയർ ബെൽറ്റോടുകൂടിയ സോർട്ടിംഗ്, ഗ്രേഡിംഗ്, വാഷിംഗ്, ഡ്രൈയ്യിംഗ് യൂണിറ്റുകൾ, വെയ്റ്റിംഗ് ബ്രിഡ്ജ്, ഓട്ടോമേറ്റഡ് കമ്പ്യൂട്ടറൈസ്ഡ് സിസ്റ്റം, HPT, BOPT, സ്റ്റാക്കിംഗ് (ക്രേറ്റുകൾ). ഡോക്ക് ലെവലർ സിസ്റ്റം, പ്രീക്കൂളിംഗ് (ആവശ്യമെങ്കിൽ), കോൾഡ് റൂം ട്രാൻസിറ്റ് എന്നിവ ഉൾപ്പെടുന്ന 22M X 26M വലുപ്പമുള്ള സംഭരണ കേന്ദ്രം സ്ഥാപിക്കുന്നതാണ് നിർദിഷ്ട പദ്ധതി. കേന്ദ്ര സർക്കാർ

സ്ഥാപനമായ National Centre for Cold Chain Development (NCCD) യുടെ മാനദണ്ഡങ്ങൾ പ്രകാരം ആണ് പദ്ധതി നടപ്പിലാക്കേണ്ടത്. ആകെ പദ്ധതി ചിലവ് 3.2 കോടി രൂപ. ആയതിന്റെ 35% 1.12 കോടി രൂപ പരമാവധി വായ്പ ബന്ധിത ധനസഹായം നൽകുന്നു. താല്പര്യമുള്ള കർഷകർ, കർഷകകൂട്ടായ്മകൾ, FPO, FIG, രജിസ്റ്റേഡ് സൊസൈറ്റീസ്, സ്വകാര്യ – പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർക്ക് ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഓഫീസുകൾ പഞ്ചായത്ത് തലം കൃഷി ഭവനുകൾ, ജില്ലാ തലം ജില്ലാ ഹോർട്ടികൾച്ചർ മിഷൻ, സംസ്ഥാന തലം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളം, തിരുവനന്തപുരം.

4. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പോത്ത് വളർത്തൽ എന്ന വിഷയത്തിൽ ഒക്ടോബർ 30 ന് മൃഗസംരക്ഷണ കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് വിളിച്ച് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ എത്തുന്നവർ ആധാർകാഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. കൂടുതൽ

വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0491- 2815454 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

5. <u>സസ്യ കീട-രോഗ നിയന്ത്രണ നിർദ്ദേശങ്ങൾ</u>

<u>വാഴയിലെ മാണം അഴുകൽ</u>

തുലാവർഷ മഴ ലഭിക്കുന്നതിനാൽ വാഴയിൽ മാണം അഴുകലിന് സാധ്യയുണ്ട്. രോഗം ബാധിച്ച വാഴകളുടെ വളർച്ച മുരടിക്കുകയും, മഞ്ഞളിപ്പ്, ഇലപ്പോളകളുടെ നിറവ്യത്യാസം, മാണം അഴുകൽ, എന്നിവ കാണപ്പെടുന്നു. വേരുകൾ ചെറുതാവുകയും കടും തവിട്ട് നിറത്തിലുള്ള മുറിവുകൾ കാണപ്പെടുകയും, ചീഞ്ഞഴുകുകയും, മണ്ണിനോട് ചേർന്ന വാഴപോളകളിൽ കറുത്ത വളയം കാണപ്പെടുകയും പിന്നീട് അഴുകി വീണുപോകുകയും ചെയ്യുന്നു. നീർവാർച്ച സൗകര്യം മെച്ചപ്പെടുത്തുന്നതും വാഴത്തടങ്ങളിൽ കുമ്മായം ഇടുന്നതും നീർച്ചാലുകളിൽ ബ്ലീച്ചിങ് പൗഡർ ഇടുന്നതും നല്ലതാണ്.

<u>**നെല്ലിലെ ഓലചുരുട്ടി പുഴു**</u>

മുണ്ടകൻ നെല്പാടങ്ങളിൽ ഓലചുരുട്ടി പുഴുവിനെ കാണാൻ സാധ്യതയുണ്ട്. നെല്ലോലകൾ മടക്കി അവയ്ക്കുള്ളിലിരുന്ന് ഹരിതകം കാർന്നു തിന്നുന്നത് മൂലം ഓലകൾ വെള്ള നിറമായി

കാണപ്പെടുന്നതാണ് ഓലചുരുട്ടിയുടെ ആക്രമണ ലക്ഷണങ്ങൾ. ഇത്ഇലകളുടെ പച്ച കലകളെ ചുരണ്ടുകയും അവയെ വെളുത്തതും വരണ്ടതുമാക്കുകയും ചെയ്യുന്നു. പുഴുക്കൾ തുറക്കാത്ത ഇലകളുടെ അടിഭാഗം തിന്നുകയും, അവയുടെ വിസർജ്ജനത്തിന്റെ സാന്നിധ്യം പ്രകടമാവുകയും ചെയ്യും. ഈ ആക്രമണം രൂക്ഷമാവുകയാണെങ്കിൽ

മുഴുവൻ കൃഷിയിടവും കരിഞ്ഞതായി കാണപ്പെടുന്നു.

കുരുമുളകിലെ പൊള്ളുരോഗം

അന്തരീക്ഷ ആർദ്രത കൂടുമ്പോൾ കുരുമുളക് ചെടികളിൽ പൊള്ളുരോഗം കാണാൻ സാധ്യതയുണ്ട്. രോഗത്തിന്റെ ലക്ഷണം ഇലകളിലും തണ്ടുകളിലും തിരികളിലും കാണുന്നു. രോഗം ബാധിച്ച ആദ്യഘട്ടത്തിൽ തവിട്ടു നിറത്തിലുള്ള കുഴിഞ്ഞ പാടുകൾ ഉണ്ടാകുകയും തുടർന്ന് വളർച്ച മുരടിക്കുകയും ചെയ്യുന്നു. പിന്നീട് നിറവ്യത്യാസം കൂടുതലായി കാണപ്പെടുകയും തുടർന്ന് മണികൾ കുറുകെ പിളർന്ന് അടർന്നു പോകുകയും ചെയ്യുന്നു. രോഗം രൂക്ഷമാകുമ്പോൾ കുരുമുളക് മണികൾ കറുത്ത നിറത്തിലാകും. കൂടാതെ, ഇലകളിൽ കോണാകൃതിയിലുള്ള മഞ്ഞ വളയത്തോടുകൂടിയ തവിട്ടു പുള്ളികളും പ്രത്യക്ഷപ്പെടുന്നു. രോഗം ബാധിച്ച വള്ളികളും, വീണുപോയ ഇലകളും തിരികളും പൂർണ്ണമായും നീക്കം ചെയ്ത നശിപ്പിക്കുകയാണ് ഇതിന്റെ പ്രധാന നിയന്ത്രണ മാർഗ്ഗം.

കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെട്ട് പരിഹാരമാർഗ്ഗങ്ങൾ അവലമ്പിക്കേണ്ടതാണ്.